**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**<u>നാഷണൽ റർബൻ മിഷൻ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6222 — 07-11-2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ. റ്റി.വി. രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | നാഷണൽ റർബൻ മിഷൻ (എൻ.ആർ. യു.എം) അനുസരിച്ച് സംസ്ഥാനത്ത് എത്ര ക്ലസ്റ്ററുകളുടെ വികസനത്തിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്നറിയിക്കാമോ; | (എ) | നാഷണൽ റർബൻ മിഷൻ (എൻ.ആർ. യു.എം) അനുസരിച്ച് സംസ്ഥാനത്ത് നാല് ജില്ലകളിലെ നാല് ഉപ ജില്ലകളിൽ നിന്നായി എട്ട് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന നാല് ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ ക്ലസ്റ്ററുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നറിയിക്കാമോ: പ്രസ്തുത ക്ലസ്റ്ററുകളിൽ എത്ര അടങ്കലിലുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്; ഇതിൽ കേന്ദ്ര സഹായമായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നറിയിക്കുമോ; | (ബി) | നാഷണൽ റർബൻ മിഷനിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, കോട്ടയം (മലബാർ) എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന മങ്ങാട്ടിടം ക്ലസ്റ്ററാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ക്ലസ്റ്ററിന് 118.18 കോടി രൂപയുടെ പദ്ധതികൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് കേന്ദ്ര സഹായമായി 30 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (സി) | പുതുതായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പുതുതായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ